(സി) നിലവിൽ പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത പഞ്ചായത്തുകളിലും സർക്കാർ സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എസ്. എസ്. എൽ. സി. പാസ്സായ എല്ലാ കുട്ടികൾക്കും പ്ലസ് ടു പ്രവേശനത്തിന് സാധ്യമാകുന്ന തരത്തിൽ പ്ലസ് ടു സീറ്റുകളും ഹൈറ്റ് രജിസ്ട്രേഷൻ ഓപ്പൺ സ്കൂൾ എന്നീ സംവിധാനങ്ങളും നിലവിലുണ്ട്.

(ബി) 2003-2004 വിദ്യാഭ്യാസ വർഷത്തിൽ തിരഞ്ഞെടുത്ത ചില സർക്കാർ ഹൈസ്കൂളുകളിലും നാല് എയ്ഡഡ് സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ അനുവദിക്കുവാൻ തീരുമാനമുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

പി. എസ്. സി. അംഗീകാരമില്ലാത്ത വി. എച്ച്. എസ്. കോഴ്സുകൾക്ക് അംഗീകാരം നൽകാൻ നടപടി

105 [5769] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുള്ള കോഴ്സുകൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ പി. എസ്. സി. അംഗീകാരമുള്ളവയുടേയും അംഗീകാരമില്ലാത്ത വയുടേയും ലിസ്റ്റ് വ്യക്തമാക്കാമോ;

(സി) പി. എസ്. സി. അംഗീകാരമില്ലാത്ത വി. എച്ച്. എസ്. സി. നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളുടെ പേരുകൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(സി) പി. എസ്. സി. അംഗീകാരമില്ലാത്ത കോഴ്സുകൾ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly